**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1028** **10-06-2021 - ൽ മറുപടിയ്ക്ക്**

**നീണ്ടകര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിലെ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള | | Shri Ahammad Devarkovil<br>(തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പ് മന്ത്രി) | |
| (എ) | ചവറ മണ്ഡലത്തിലെ നീണ്ടകരയിൽ പ്രവർത്തിച്ചിരുന്ന മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിൽ ഏതെങ്കിലും കോഴ്സുകൾ നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ കോഴ്സുകളാണ് നടത്തുന്നതെന്ന് അറിയിക്കുമോ; | (എ) | നീണ്ടകര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പണി പൂർത്തിയായിട്ടില്ല. നിലവിൽ നാല് ദിവസത്തെ ബോട്ട് ക്രൂ ട്രെയിനിംഗ് പ്രോഗ്രാം ആണ് നടന്നുവരുന്നത്. ഫസ്റ്റ് ക്ലാസ് മാസ്റ്റർ / എഞ്ചിനീയർ സർട്ടിഫിക്കറ്റുകൾ ക്കായുള്ള ട്രെയിനിംഗ് പ്രോഗ്രാം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിന്റെ പുതിയ കെട്ടിടം പൂർത്തീകരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കെട്ടിടം പൂർത്തീകരിയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിയ്ക്കുമോ? | (ബി) | നീണ്ടകര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിട നിർമ്മാണം സംബന്ധിച്ച് കരാറുകാരായ മെ.സൗത്ത് ഇൻഡ്യൻ കൺസ്ട്രക്ഷൻസും കൺസൾട്ടന്റായ മെ.അജിത് അസോസിയേറ്റ്സും ബഹു. ഹൈക്കോടതി യിൽ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. ടി കേസ്സുകളുടെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ